Before the Kerala State Human Rights Commission
Sitting at Kozhikkode

Present : Shri. K.E. Gangadharan
Hon'ble Member

HRMP No: 2912/10, 2913/10 & 2914/10

ഹർജിക്കാരൻ : പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
പാലക്കാട്

സെക്രട്ടറി
പെരുമാട്ടി ഗ്രാമപഞ്ചായത്ത്

Respondents :

*ഉത്തരവ് തീയതി. 23.11.2010*

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി പഞ്ചായത്തിൽ മൈലാളംപാറ എന്ന സ്ഥലത്തെ വനത്തിനോട് ചേർന്ന് വസിക്കുകയോ വസ്തുകൈവശം വെക്കുകയോചെയ്യുന്ന 47 പേർ സമർപ്പിച്ച ഒരു പരാതിയാണിത്.

വന്യമൃഗങ്ങളിൽ നിന്നും കാർഷിക വിഭവങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ വിശദമാക്കുന്ന പരാതിയാണിത്. കാടിനടുത്തുള്ള കാർഷിക വിഭവങ്ങൾ സ്വാഭാവികമായും ആക്രമിക്കപ്പെടും എന്ന യാഥാർത്ഥ്യം മനസ്സിലാക്കുന്ന രീതിയാണ് പരാതിക്കാരൻ കാണിക്കുന്നത്.

ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ അയച്ച റിപ്പോർട്ടിൽ ഈ യാഥാർത്ഥ്യം പൂർണ്ണമായും ഉൾക്കൊള്ളുന്നതായി കാണുന്നു. അതുകൊണ്ടുതന്നെ വിശദമായ ഒരു പരിശോധന ഇവിടെ ആവശ്യമില്ല. പരാതിക്കാരിയായ റോസമ്മ തോമസിന്റെ ഭർത്താവിന്റെ പേരിലുള്ള സ്ഥലം മറ്റൊരു പരാതിക്കാരനായ ഷാജ ജോസിന്റെ സ്ഥലം ഷെല്ലിവാരുപ്ലാക്കൻ പിതാവ് പൈലി ജോസ് കരിക്കന്നേർ എന്നിവരുടെ വസ്തുവിൽ വന്യമൃഗങ്ങളുടെ കയ്യേറ്റം കാരണം നാശ നഷ്ടങ്ങളുള്ളതായി റിപ്പോർട്ടിൽ സമ്മതിച്ചിട്ടുണ്ട്.

വന്നു ചേർന്ന നഷ്ടത്തിനനുസരിച്ച് നഷ്ടപരിഹാരം കാട്ടാറില്ലെന്നാണ് ഇത്തരത്തിലുള്ള പരാതികളിൽ പലപ്പോഴും ഉയർന്നുവരാറുള്ളത്. അതുകൊണ്ടുതന്നെയാണ് പലരും നഷ്യപരിഹാരത്തിന് അപേക്ഷ സമർപ്പിക്കുന്നതിനു പോലും വിമുഖത കാണിക്കുന്നത്. ഇത്തരം കേസുകളിൽ സഹതാപാർഹമായ സമീപനം വകുപ്പിന്റെ ഭാഗത്ത് നിന്നാണ് ഉണ്ടാകേണ്ടത്. പരാതിക്കാർ സർക്കാർ ഉത്തരവ് നമ്പർ 283/2009 16.06.2009 ഉത്തരവിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ചു എന്ന ഉറപ്പുവരുത്തേണ്ടതാണ്.

കയ്യേറ്റം തടയാനുള്ള സ്ഥിരം സംവിധാനത്തെ കുറിച്ച് ബന്ധപ്പെട്ടവരുമായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായും ബന്ധപ്പെട്ടു പരിഹാരം കണ്ടെത്തേണ്ടതാണ്.

**Sd/-**
**K.E. Gangadharan**
**Member.**

**// True Copy //**

**REGISTRAR**